ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം


# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 18.10.2024

## പ്രധാനവാർത്തകൾ

1). ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു, മലാവി പ്രസിഡന്റ് ലാസറസ് ചക്‌വേരയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

2) കർമ്മയോഗി സപ്താഹ് -ദേശീയ പഠനവാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.

3) വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിന് അടിയന്തരമായി പണം അനുവദിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ഹൈക്കോടതിയിൽ കേന്ദ്ര സർക്കാർ.

4) കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി പി ദിവ്യ.

5) സംസ്ഥാനത്ത് പ്രജനന വന്ധ്യതാ നിവാരണ സേവനങ്ങൾ നൽകുന്ന എല്ലാ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാണെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

6) ആടുവസന്ത നിർമ്മാർജ്ജനത്തിനായുള്ള സൗജന്യ പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞത്തിന് സംസ്ഥാനത്ത് തുടക്കം.

RNUTVPM

## രാഷ്ട്രപതി

ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു, മലാവി പ്രസിഡൻറ് ലാസറസ് ചക്‌വേരയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രതിനിധിതല ചർച്ചകളിലും രാഷ്ട്രപതി പങ്കെടുത്തു. കലാ, സാംസ്കാരിക, കായിക മേഖല, യുവജനക്ഷേമം, ഫാർമസ്യൂട്ടിക്കൽ രംഗം എന്നിവയുമായി ബന്ധപ്പെട്ട നാല് ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. മലാവിക്ക് 1,000 മെട്രിക് ടൺ അരി എത്തിച്ചു നൽകുന്ന ഉറപ്പും ഇന്ത്യ നൽകി. മലാവിയിലെ ദേശീയ യുദ്ധ സ്മാരകവും രാഷ്ട്രപതി ഇന്ന് സന്ദർശിച്ചു..

## പ്രധാനമന്ത്രി - സപ്താഹ്

കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പുതുതായി പ്രവേശിക്കുന്നവരുടെ കഴിവ് വികസിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഇന്ത്യൻ സിവിൽ സർവീസിനെ ആഗോള കാഴ്ചപ്പാടുകൾക്ക് അധിഷ്ഠിതമായി ഭാവിയിലേക്ക് സന്നദ്ധമാക്കുകയും ഇതിലൂടെ ലക്ഷ്യമിടുന്നു. കർമയോഗി സപ്താഹിലൂടെ നാല് മണിക്കൂർ നീളുന്ന നൈപുണ്യ പരിശീലനമാണ് ഓരോരുത്തർക്കും ഉറപ്പുവരുത്തുന്നത്.

## പ്രധാനമന്ത്രി റഷ്യ സന്ദർശനം

16-ാ മത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22 ന് റഷ്യ സന്ദർശിക്കും. രണ്ട് ദിവസം നീളുന്ന സന്ദർശനത്തിൻറെ

RNJ TVPM

ഭാഗമായി ബ്രിക്സ് രാഷ്ട്രത്തലവന്മാരുമായും മറ്റ് നേതാക്കളുമായും പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും

**************************************************************************************************

## ജിതേന്ദ്രസിങ്

വികസിത ഭാരതം എന്ന ലക്ഷ്യം യുവ ശക്തിയിലൂടെ മാത്രമേ സാധ്യമാവൂ എന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്ങ്. ഇന്ത്യൻ യുവശക്തിയുടെ കഴിവ് ലോകം അംഗീകരിച്ചതായും, യുവജനങ്ങളുടെ ആത്മവിശ്വാസം ഇതിലൂടെ വർദ്ധിച്ചതായും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത് പരിപാടിയെ ആസ്പദമാക്കി നെഹ്റു യുവ കേന്ദ്ര സംഘടിപ്പിക്കുന്ന ക്വിസ് - പ്രഭാഷണ മത്സരങ്ങളുടെ നാലാം സീസൺ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. മൻ കി ബാത് കഴിഞ്ഞ സീസണിൽ താലൂക്ക് തല മത്സരത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളും ചടങ്ങിൽ അദ്ദേഹം വിതരണം ചെയ്തു.

**************************************************************************************************

RNU TVPM

## ഹൈക്കോടതി

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിന് അടിയന്തരമായി പണം അനുവദിക്കാനുള്ള നടപടികൾ നടന്നു വരികയാണെന്ന് കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം സംസ്ഥാനത്തിന് 782 കോടി രൂപ കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചതായും വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് പരിഗണിക്കവേ കേന്ദ്രം വ്യക്തമാക്കി. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രത്യേക ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ലെന്ന് കേരളം കോടതിയിൽ പറഞ്ഞു.

**********************************************************************************************

## കണ്ണൂർ-മൊഴി രേഖപ്പെടുത്തി

കണ്ണൂർ എ. ഡി. എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി മുൻ ജില്ലാപഞ്ചായത്ത് പ്രസിഡൻറ് പി.പി ദിവ്യ. തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയിലാണ് ജാമ്യാപേക്ഷ സമർപ്പിച്ചത്. ക്ഷണിക്കാതെയാണ് യാത്രയയപ്പ് ചടങ്ങിൽ പങ്കെടുത്തത് എന്ന വാദം തെറ്റാണെന്നും ജില്ലാ കളക്ടർ ചടങ്ങിലേക്ക് ക്ഷണിച്ചതായും അപേക്ഷയിൽ പറയുന്നു. അതേസമയം എ. ഡി. എമ്മിൻറെ മരണവുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണസംഘം ഇന്ന് കണ്ണൂർ കലക്ടറേറ്റ് ജീവനക്കാരിൽ നിന്ന് മൊഴി രേഖപ്പെടുത്തി. യാത്രയയപ്പ് ചടങ്ങിൽ പങ്കെടുത്ത ജീവനക്കാരിൽ നിന്നാണ് മൊഴി രേഖപ്പെടുത്തിയത്.

RNU TVPM

**********************************************************************************************

## ബ്രേക്ക്.........

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**********************************************************************************************

## വീണാ ജോർജ്

സംസ്ഥാനത്ത് പ്രജനന വന്ധ്യതാ നിവാരണ സേവനങ്ങൾ നൽകുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സർക്കാർ, സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന സറോഗസി ക്ലിനിക്കുകൾ, എ.ആർ.ടി ക്ലിനിക്കുകൾ, എ.ആർ.ടി ബാങ്കുകൾ തുടങ്ങിയവ സറോഗസി നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷകൾ സമയബന്ധിതമായി

പരിശോധിച്ച് നടപടി സ്വീകരിക്കും. ഇതുവരെ ലഭിച്ച അപേക്ഷകളിൽ 140 സ്ഥാപനങ്ങളുടെ പരിശോധന പൂർത്തിയാക്കി രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

**********************************************************************************************

**ആടുവസന്ത**

ദേശീയ ജന്തുജന്യരോഗ നിയന്ത്രണ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ആടുവസന്ത നിർമ്മാർജ്ജന യജ്ഞത്തിന് സംസ്ഥാനത്ത് തുടക്കമായി. സൗജന്യ പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞം ഒന്നാം ഘട്ടത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജെ.ചിഞ്ചുറാണി തിരുവനന്തപുരത്ത് നിർവഹിച്ചു. 2030-തോടെ ആടുവസന്തരോഗം നിർമാർജനം ചെയ്യാൻ ലക്ഷ്യമിട്ടാണ് സംസ്ഥാനത്ത് പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞം സംഘടിപ്പിക്കുന്നത്. അടുത്ത മാസം അഞ്ച് വരെ നടക്കുന്ന യജ്ഞത്തിൽ നാല് മാസത്തിന് മുകളിൽ പ്രായമുള്ള പതിമൂന്നരലക്ഷത്തോളം ആടുകൾക്കും 1,500-ഓളം ചെമ്മരിയാടുകൾക്കും പ്രതിരോധകുത്തിവെയ്പ്പ് നൽകാനാണ് ലക്ഷ്യമിടുന്നത്.

RNU TVPM

**********************************************************************************************

**ആലപ്പുഴ മഞ്ഞപ്പിത്തം- (ഇൻട്രോ)**

ചെങ്ങന്നൂർ I.H.R.D എൻജിനീയറിങ് കോളേജിലെ പത്തിലേറെ വിദ്യാർത്ഥികൾക്ക് മഞ്ഞപ്പിത്തം സംശയിക്കുന്ന സാഹചര്യത്തിൽ ചികിത്സാ, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ആരോഗ്യ വകുപ്പ്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.......

(വോയിസ്.............)

---

**<u>വയനാട് - നാമനിർദ്ദേശപത്രിക</u>**

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പുകൾക്കുള്ള നാമനിർദ്ദേശ പത്രികകൾ സ്വീകരിച്ചു തുടങ്ങി. വയനാട് ലോക്സഭാ മണ്ഡലത്തിൽ ആദ്യദിനത്തിൽ ഒരു സ്വതന്ത്ര സ്ഥാനാർഥി മാത്രമാണ് പത്രിക നൽകിയത്. ഈ മാസം 25 വരെയാണ് പത്രികകൾ സ്വീകരിക്കുക. സൂക്ഷ്മ പരിശോധന ഒക്ടോബർ 28 ന് നടക്കും. ഒക്ടോബർ 30 വൈകുന്നേരം മൂന്ന് വരെയാണ് പത്രികകൾ പിൻവലിക്കാനുള്ള സമയപരിധി .

---

**<u>വയനാട് - സ്ക്വാഡുകൾ</u>**

വയനാട് ലോകസഭ ഉപതിരഞ്ഞെടുപ്പിൽ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലം കൂടി ഉൾപ്പെടുന്നതിനാൽ മണ്ഡലത്തിൽ വിവിധ സ്ക്വാഡുകൾ രൂപീകരിച്ചു. സ്ഥാനാർഥികളുടെ ചെലവുകൾ നിരീക്ഷിക്കുന്നതിനും വോട്ടർമാരെ സ്വാധീനിക്കുന്നതിനായി പണം, മദ്യം പാരിതോഷികങ്ങൾ എന്നിവ കൊണ്ടു പോകുന്നത് തടയുന്നതിനുമാണ് സ്ക്വാഡുകൾ രൂപീകരിച്ചത്.

RNU TVPM

---

**<u>സ്കോളർഷിപ്പ്</u>**

2024-25 വർഷത്തേക്കുള്ള ദേശീയ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള സമയപരിധി ഈ മാസം 31 വരെ നീട്ടി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായ വിദ്യാർത്ഥികൾക്കായി ഒരു ലക്ഷം സ്കോളർഷിപ്പുകളാണ്

പ്രതിവർഷം നൽകി വരുന്നത്. യോഗ്യതാ പരീക്ഷയിൽ വിജയിക്കുന്ന ഒൻപതാം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 12,000 രൂപയുടെ സ്കോളർഷിപ്പ് ലഭിക്കും..

***

**<u>പത്തനംതിട്ട - (ഇൻട്രോ)</u>**

പത്തനംതിട്ട നഗരത്തിൽ പോലീസ് ട്രാഫിക് വിഭാഗം നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 28 ഇരുചക്ര വാഹനങ്ങളും 2 ടിപ്പറുകളും അടക്കം 30 വാഹനങ്ങൾക്ക് പിഴയിട്ടു.

വിശദാംശങ്ങളുമായി ആകാശവാണി
പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ.....

<u>(വോയിസ്............)</u>

***

**<u>മഴ - സംസ്ഥാനം</u>**

RNU TVPM

ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് . സംസ്ഥാനത്ത് അടുത്ത ഒരാഴ്ച നേരിയ മഴയ്ക്കാണ് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

***

**<u>ഓഹരി + സ്വർണ്ണം</u>**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 218 പോയിൻറ് നേട്ടത്തിൽ 81,225- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 104 പോയിൻറ് നേട്ടത്തിൽ 24,854- ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ വർദ്ധന. പവന് 640 രൂപ വർദ്ധിച്ച് 57,920 രൂപയും ഗ്രാമിന് 80 രൂപ വർദ്ധിച്ച് 7,240 രൂപയുമാണ് ഇന്നത്തെ വില.

*****************************************************************************************************************************************

**ക്രിക്കറ്റ്**

ഇന്ത്യ- ന്യൂസിലൻഡ് ക്രിക്കറ്റ് ടെസ്റ്റിൻറെ മൂന്നാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ രണ്ടാം ഇന്നിങ്സിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 231 റൺസ് എന്ന നിലയിൽ. ന്യൂസിലൻഡ് 402 റൺസിൻറെ മികച്ച സ്കോറിലാണ് ഇന്ന് ഒന്നാം ഇന്നിങ്സ് ബാറ്റിങ്സ് അവസാനിപ്പിച്ചത്. ആദ്യ ഇന്നിങ്സിൽ ഇന്ത്യ ഇന്നലെ 46 റൺസിന് പുറത്താവുകയായിരുന്നു.

*****************************************************************************************************************************************

**കൊച്ചി വാട്ടർ മെട്രോ**

പശ്ചിമ കൊച്ചിയിലേക്ക് നിലവിലുള്ള യാത്രാ ക്ലേശം കണക്കിലെടുത്ത് ഹൈക്കോർട്ട് ജംഗ്ഷൻ- ഫോർട്ട് കൊച്ചി സർവ്വീസ് സമയം ദീർഘിപ്പിക്കാൻ കൊച്ചി വാട്ടർ മെട്രോ തീരുമാനിച്ചു. ഫോർട്ട് കൊച്ചിയിൽ നിന്ന് ഹൈക്കോർട്ട് ജംഗ്ഷൻ ടെർമിനലിലേക്കുള്ള അവസാന സർവ്വീസ് രാത്രി 08:00-ന് പുറപ്പെടും.

RNUTVPM

*****************************************************************************************************************************************

**മാണ്ഡവ്യ**

സായ് LNCPE-യിലെ നവീകരിച്ച ഗോൾഫ് കോഴ്സും, പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന കായിക മന്ത്രി വി. അബ്ദു റഹിമാൻ, പത്മശ്രീ കെ. എം. ബീന മോൾ, ഖേൽ രത്ന ജേതാവ് പത്മിനി തോമസ് തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

*****************************************************************************************************************************************

*************************